Part - A

1st Language - Malayalam (AT)

Question No. 1 to 10

1. "അനുമോൾ സ്കൂളിൽ പോയി കൂട്ടുകാരിയെ കണ്ടു വന്നു." – അടിവരയിട്ട ക്രിയ ഏത് വിനയെച്ച രൂപമാണ് ?
   (A) മുൻവിനയെച്ചം
   (B) പിൻവിനയെച്ചം
   (C) തൻവിനയെച്ചം
   (D) പാക്ഷികവിനയെച്ചം

2. മഹാകവി കുമാരനാശാൻ പത്രാധിപർ ആയിരുന്ന മാസിക ഏത് ?
   (A) കവനകൗമുദി
   (B) ഭാഷാപോഷിണി
   (C) വിവേകോദയം
   (D) മിതവാദി

3. "അനപത്യതാ ദുഃഖം പേറുമീമണ്ണി, ലുണ്ണി-
   ക്കനിയെഗ്ഗർഭം പൂണ്ടു
   പ്രസവിച്ചെടുക്കുവാൻ " – അടിവരയിട്ട പ്രയോഗം കൊണ്ട് കവി പി. ഭാസ്കരൻ അർത്ഥമാക്കുന്നതെന്ത് ?
   (A) വൃക്ഷലതാദികളിൽ ഉണ്ണിക്കനികൾ ഉണ്ടായി.
   (B) കാലാവസ്ഥയിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ണിക്കനികൾ ഉണ്ടായി.
   (C) മണ്ണിൽ ഉണർവ്വിന്റെയും പ്രതീക്ഷ-കളുടെയും പുതുനാമ്പു-കളുണ്ടായി.
   (D) പുതിയ ഫലങ്ങൾക്ക് മുളപൊട്ടി.

4. "എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ-യന്യയാം ഭാഷ വിരുന്നുകാരി" – ഈ വരികൾ ആരുടെതാണ് ?
   (A) എഴുത്തച്ഛൻ
   (B) ഉള്ളൂർ. എസ്. പരമേശ്വരയ്യർ
   (C) സച്ചിദാനന്ദൻ
   (D) വള്ളത്തോൾ നാരായണമേനോൻ

5. 2021-ലെ വയലാർ അവാർഡ് ലഭിച്ച എഴുത്തുകാരൻ ആര് ?
   (A) ഏഴാച്ചേരി രാമചന്ദ്രൻ
   (B) പി. വത്സല
   (C) ബെന്യാമിൻ
   (D) ടി. പത്മനാഭൻ

6. "പുറത്തെ കാഴ്ചകൾ ആഫ്രിക്കയുടെ ഹൃദയത്തിലൂടെയാണ് ഞാൻ പോയ്ക്കൊണ്ടിരിക്കുന്നതെന്ന് വിളിച്ചു പറഞ്ഞു. പൂനിലാവിൽ ആഫ്രിക്കൻ കുറ്റിക്കാടുകളും കൃഷിസ്ഥലങ്ങളും മാറിമാറി പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു" – ഈ വരികൾ എസ്. കെ. പൊറ്റെക്കാടിന്റെ ഏത് യാത്രാ വിവരണത്തിൽ നിന്നും എടുത്തതാണ് ?
   (A) കാപ്പിരികളുടെ നാട്ടിൽ
   (B) പാതിരാ സൂര്യന്റെ നാട്ടിൽ
   (C) ബാലി ദ്വീപ്
   (D) നൈൽ ഡയറി

7. താഴെക്കൊടുത്ത വ്യക്തികളിൽ നാടോടി വിജ്ഞാനീയ (ഫോക്‌ലോർ) പഠനങ്ങളിൽ ശ്രദ്ധേയമായ സംഭാവന നൽകിയത് ആരാണ് ?

(A) അയ്യപ്പപ്പണിക്കർ

(B) എൻ.വി. കൃഷ്ണവാര്യർ

(C) എസ്. ഗുപ്തൻ നായർ

(D) ഡോ.എം.വി. വിഷ്ണുനമ്പൂതിരി

8. "പുറത്തെ കാഴ്ചകൾ ആഫ്രിക്കയുടെ ഹൃദയത്തിലൂടെയാണ് ഞാൻ പോയ്ക്കൊണ്ടിരിക്കുന്നതെന്ന് വിളിച്ചു പറഞ്ഞു. പൂനിലാവിൽ ആഫ്രിക്കൻ കുറ്റിക്കാടുകളും കൃഷിസ്ഥലങ്ങളും മാറിമാറി പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു" – ഈ വരികൾ എസ്. കെ. പൊറ്റെക്കാടിന്റെ ഏത് യാത്രാ വിവരണത്തിൽ നിന്നും എടുത്തതാണ് ?

(A) കാപ്പിരികളുടെ നാട്ടിൽ

(B) പാതിരാ സൂര്യന്റെ നാട്ടിൽ

(C) ബാലി ദ്വീപ്

(D) നൈൽ ഡയറി

9. "കോകില ജാലങ്ങൾ കോലക്കുഴൽ കേട്ടു

മൂകങ്ങളായങ്ങു നിന്നു പോയി" – ഈ വരികൾക്കു സമാന താളമുള്ള വരികൾ കണ്ടെത്തുക.

(A) പുഴുവെപ്പൂമ്പാറ്റയാ-
യുടുപ്പിക്കുന്നു, മാനിൻ

വഴിയേ തിരുമണക്കസ്തൂരി മണം ചേർപ്പൂ

(B) സംസ്കൃത ഭാഷതൻ സ്വാഭാവി-
കോജസ്സും

സാക്ഷാൽത്തമിഴിന്റെ സൗന്ദര്യവും

(C) അഖിലാണ്ഡമണ്ഡലമണിയി-
ച്ചൊരുക്കി

അതിനുള്ളിലാനന്ദ ദീപം കൊളുത്തി

(D) ലാളിച്ചു പെറ്റലതയൻപൊടു ശൈശവത്തിൽ

പാലിച്ചു പല്ലവ പുടങ്ങളിൽ വെച്ചു നിന്നെ

10. "എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ-

യന്യയാം ഭാഷ വിരുന്നുകാരി" – ഈ വരികൾ ആരുടെതാണ് ?

(A) എഴുത്തച്ഛൻ

(B) ഉള്ളൂർ. എസ്. പരമേശ്വരയ്യർ

(C) സച്ചിദാനന്ദൻ

(D) വള്ളത്തോൾ നാരായണമേനോൻ

Part - B

1st Language - Malayalam (BT)

Question Numbers 11 to 24

തന്നിട്ടുള്ള 14 ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.

11. 'അണിയറ' എന്നാൽ ആട്ടക്കാരും നാടകക്കാരും വേഷം കെട്ടുന്ന സ്ഥലമാണ്. എന്നാൽ 'അണിയം' എന്ന പദത്തിന്റെ അർത്ഥമെന്താണ് ?

(A) കടൽത്തീരം

(B) പങ്കായം

(C) വള്ളത്തിന്റെ മുൻഭാഗം

(D) ആഭരണം

12. കേരള സാഹിത്യ അക്കാദമിയുടെ ഇപ്പോഴത്തെ പ്രസിഡന്റ് പ്രസിദ്ധനായ ഒരു കവിയാണ്. ആരാണ് അദ്ദേഹം ?

(A) റഫീക്ക് അഹമ്മദ്

(B) കെ. സച്ചിദാനന്ദൻ

(C) വൈശാഖൻ

(D) കെ. ജി. ശങ്കരപ്പിള്ള

13. "പാമ്പുകൾക്ക് മാളമുണ്ട്

പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രനു തല ചായ്ക്കാൻ മണ്ണിലിടമില്ലാ...."

"ചക്കരപ്പന്തലിൽ തേന്മഴ ചൊരിയും ചക്രവർത്തി കുമാരാ...."

തുടങ്ങിയ നാടകഗാനങ്ങൾ രചിച്ചത് ആരാണ് ?

(A) ഒ. എൻ. വി. കുറുപ്പ്

(B) ഗിരീഷ് പുത്തഞ്ചേരി

(C) യൂസഫലി കേച്ചേരി

(D) വയലാർ രാമവർമ്മ

14. 2021-ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച സാഹിത്യകാരി ആരാണ് ?

(A) പി. വത്സല

(B) കെ. ആർ. മീര

(C) ഖദീജ മുംതാസ്

(D) സാറാ ജോസഫ്

15. 'അകത്തു കത്തിയും പുറത്തു പത്തിയും' എന്ന ചൊല്ലിന്റെ ആശയത്തോട് യോജിക്കുന്ന പ്രസ്താവന ഏത് ?

(A) മനസ്സിൽ വെറുപ്പും പുറമേ സ്നേഹ പ്രകടനവും

(B) മനസ്സിലും പുറമേയും ഒരുപോലെ വിരോധം പുലർത്തുക

(C) മനസ്സിൽ സ്നേഹവും പുറമേ വെറുപ്പും പ്രകടിപ്പിക്കുക.

(D) മനസ്സുകൊണ്ട് ദേഷ്യപ്പെടുക.

16. നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് എഴുത്തുകാരൻ ആരാണെന്ന് കണ്ടെത്താമോ ?

- കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിൽ ജനിച്ചു.
- കഥകൾ മാത്രമേ എഴുതൂ എന്ന് സ്വയം തീരുമാനിച്ച എഴുത്തുകാരൻ.
- എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.
- ഗൗരി, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, നളിനകാന്തി, കടൽ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കഥാ സമാഹരങ്ങളാണ്.

(A) എം. ടി. വാസുദേവൻ നായർ

(B) പുനത്തിൽ കുഞ്ഞബ്ദുള്ള

(C) ടി. പത്മനാഭൻ

(D) എം. മുകുന്ദൻ

17. 'കച്ചമുറുക്കുക' എന്ന ശൈലിയുടെ അർത്ഥം എന്താണ് ?

(A) വസ്ത്രം മുറുക്കി കെട്ടുക

(B) തയ്യാറാവുക

(C) ഇറുകിയ വസ്ത്രം ധരിക്കുക

(D) ദേഷ്യത്തോടെ പെരുമാറുക

18. 'മനുഷ്യവർഗം' എന്നതു വിഗ്രഹിച്ചെഴുതിയാൽ 'മനുഷ്യരുടെ വർഗം' എന്നാകും. സമാനമായി വിഗ്രഹിക്കാൻ കഴിയുന്ന മറ്റൊരു പദം കണ്ടെത്തുക.

(A) സാഹസപ്രവൃത്തി

(B) വികാരാധീനൻ

(C) നാടകകല

(D) കലാകേന്ദ്രം

19. അന്തരിച്ച പണ്ഡിറ്റ് ശിവ് കുമാർ ശർമ ഏതു സംഗീതോപകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) വീണ

(B) ഗിത്താർ

(C) സന്തൂർ

(D) പിയാനോ

20. 'പോവുകയാണു നീ വേറെയെങ്ങോ

പൊന്നനുജാതനെ കൂട്ടിടാതെ'

അനുജാതൻ എന്ന പദത്തിന്റെ അർത്ഥമെന്ത് ?

(A) കൂടെ നടക്കുന്നവൻ

(B) അനുജൻ

(C) ജേഷ്ഠൻ

(D) അച്ഛൻ

താഴെ കൊടുത്തിരിക്കുന്ന കവിതാ ഭാഗം വായിച്ച് അതിനു ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(21 മുതൽ 24 വരെ)

വൃശ്ചികക്കാറ്റ് കുടിച്ചുവന്നു
കഞ്ഞിക്കലങ്ങൾ വലിച്ചെറിഞ്ഞു
നക്ഷത്രവറ്റുകൾ മുറ്റമാകെ
ചുറ്റും ചിതറിപ്പരന്നു വീണു.
പിന്നെപ്പുലരിയാമമ്മ വന്നു
മുറ്റവും വീടും അടിച്ചുവാരി.
ഇത്തിരി തുമ്പപ്പൂക്കഞ്ഞി വെച്ചു
കുട്ടന് വിദ്യാലയത്തിൽ പോണം,
പുസ്തകക്കെട്ടാരു കൊണ്ടുപോയി
കൊച്ചുകുടയുമിതെങ്ങു പോയി ?
മുറ്റത്തെമുല്ലേ പറഞ്ഞുതായോ.
പിന്നെയോ ചാറ്റൽ മഴ കനത്തു,
കുട്ടന്റെയുള്ളിലെ കണ്ണുനീരും.
അച്ചെളിച്ചാലിൽ വലിച്ചെറിഞ്ഞ
പുസ്തകം തപ്പിയെടുത്തു കുട്ടൻ

കൊച്ചൊരു ചേമ്പിലത്താല്ലു ചൂടി

കുത്തും മഴയിലേക്കാണ്ടിറങ്ങി

പിഞ്ഞിയും തുന്നിയും മങ്ങിയോരാ

കുപ്പായം കണ്ണിൽ മറഞ്ഞുപോകെ

കീറിമുഷിഞ്ഞുള്ള കോന്തലയാൽ

ഈറൻ മിഴി തുടച്ചമ്മ നിന്നു.

(കുട്ടന്റെ ഒരു ദിവസം – റഫീക്ക് അഹമ്മദ്)

21. മുറ്റവും വീടും അടിച്ചുവാരിയതാരാണ് ?

(A) പുലരിയമ്മ

(B) കുട്ടൻ

(C) വൃശ്ചികക്കാറ്റ്

(D) കുട്ടന്റെ അച്ഛൻ

22. 'കീറിമുഷിഞ്ഞുള്ള കോന്തല' എന്തിനെ സൂചിപ്പിക്കുന്നു ?

(A) ശുചിത്വമില്ലായ്മയെ

(B) ദാരിദ്ര്യത്തെ

(C) ചെളിയിൽ വീണതിനെ

(D) അലസതയെ

23. മുറ്റമാകെ ചിതറിപ്പരന്നതെന്താണ് ?

(A) കഞ്ഞിക്കലങ്ങൾ

(B) തുമ്പപ്പൂക്കൾ

(C) നക്ഷത്ര വറ്റുകൾ

(D) മുല്ലപ്പൂക്കൾ

24. കുട്ടന്റെ ആവശ്യം എന്തായിരുന്നു ?

(A) കൂട്ടുകാരോടൊത്തു കളിക്കണം

(B) മുറ്റവും വീടും അടിച്ചുവാരണം

(C) ഇത്തിരി കഞ്ഞി വെയ്ക്കണം

(D) വിദ്യാലയത്തിൽ പോണം

-oOo-

Part - C

Mathematics (Malayalam Medium)

Question Numbers 25 to 34

25. 'n' ഒരു ഒറ്റസംഖ്യ ആയാൽ താഴെ തന്നിട്ടുള്ളതിൽ ഏതാണ് ഒറ്റസംഖ്യ ?

(A) $2n$

(B) $3n-1$

(C) $3n+1$

(D) $3n-2$

26. ഒരു ത്രികോണത്തിന്റെ രണ്ടു വശങ്ങൾ 9 സെന്റിമീറ്ററും 18 സെന്റിമീറ്ററുമാണ്. താഴെ തന്നിട്ടുള്ളവയിൽ ഏതാണ് ഈ ത്രികോണത്തിന്റെ ചുറ്റളവ് ?

(A) 33 സെന്റിമീറ്റർ

(B) 36 സെന്റിമീറ്റർ

(C) 45 സെന്റിമീറ്റർ

(D) 54 സെന്റിമീറ്റർ

27. ചതുരം ABCD യെ താഴെ കാണുന്ന രീതിയിൽ അഞ്ച് സമചതുരങ്ങളായി മുറിച്ചു.



ഷേഡ് ചെയ്ത സമചതുരത്തിന്റെ പരപ്പളവ് 144 ചതുരശ്ര സെന്റി-മീറ്ററായാൽ ചതുരം ABCD യുടെ പരപ്പളവ് എത്ര ?

(A) 576 ചതുരശ്ര സെന്റിമീറ്റർ

(B) 480 ചതുരശ്ര സെന്റിമീറ്റർ

(C) 432 ചതുരശ്ര സെന്റിമീറ്റർ

(D) 288 ചതുരശ്ര സെന്റിമീറ്റർ

28. താഴെ തന്നതിൽ -6 ന് തുല്യമല്ലാത്തത് ഏത് ?

(A) $-5+11$

(B) $-11+5$

(C) $5-11$

(D) $-2-4$

29. $2^5 \times 6^5$ ന്റെ ആകെ ഘടകങ്ങളുടെ എണ്ണമെത്ര ?

(A) 25

(B) 36

(C) 66

(D) 96

30. താഴെ തന്നിട്ടുള്ളവയിൽ പൂർണ-വർഗമായ സംഖ്യയേത് ?

(A) 994000

(B) 994004

(C) 994007

(D) 994009

31. ചുവടെയുള്ള ചിത്രത്തിൽ ഒരു സാമാന്തരികത്തിന്റെ വികർണങ്ങൾ അതിനെ നാലു ത്രികോണങ്ങളായി ഭാഗിച്ചിരിക്കുന്നു.



$\angle QSR = \angle RQS$

$\angle PSR$ എത്ര ?

(A) 70°

(B) 110°

(C) 125°

(D) 130°

32. ഒരു സാധനം വിറ്റപ്പോൾ കിട്ടിയ ലാഭം, വിറ്റവിലയുടെ 25% ആണ്. ലാഭ ശതമാനമെത്ര ?

(A) 25%

(B) 30%

(C) $33\frac{1}{3}$ %

(D) 75%

33. താഴെ തന്നിട്ടുള്ളതിൽ $2^{98} + 2^{98} + 2^{98} + 2^{98}$ ന് തുല്യമായത് ഏത് ?

(A) 2^{99}

(B) 2^{100}

(C) 8^{98}

(D) 2^{392}

34. ഒരു വലിയ കുപ്പി നിറയ്ക്കാൻ $3\frac{3}{4}$ ഗ്ലാസ് വെള്ളവും ചെറിയ കുപ്പി നിറയ്ക്കാൻ $2\frac{1}{2}$ ഗ്ലാസ് വെള്ളവും വേണം. വലിയ കുപ്പിയുടേയും ചെറിയ കുപ്പിയുടേയും ഉള്ളളവുകൾ തമ്മിലുള്ള അംശബന്ധം എന്താണ് ?

(A) 3 : 2

(B) 3 : 1

(C) 1 : 3

(D) 2 : 1

Part - D
English
Question Numbers 35 to 44

Questions 35 - 37 : Read the following story and answer the questions that follow by choosing the right answer from the options given along with each question.

On the coast of Cuba lived an old fisherman. He was thin and had deep lines on the back of his neck. His skin was dark, and his hands had marks made by pulling heavy fish out of the ocean. His eyes were cheerful.

For eighty-four days the old man did not catch any fish. People said that he was unlucky. But the old man still loved the sea. On the eighty-fifth day, the old man sailed farther out to the deep sea. Soon his fishing-line was pulled gently by a big fish which was swimming very deep in the water. The fish was so powerful that it pulled the boat after it. It took the small boat far out in the sea. The old man could no longer see the land.

"Fish," he said softly, "I will stay with you until I'm dead".

The old man pulled the line a little tighter. But he did not dare pull it suddenly. The fish might jump and escape. But the fish was strong and brave. It pulled the boat on and on.

When the fish rose at last to the top of the water, the old man saw that it was two feet longer than his boat. The old man had seen many fish, but this one was the largest he had ever seen.

On the morning of the third day the end came. Tired and out of pain, the old man threw his warpoon into the heart of the large fish. The fish rose high out of the water, showing all its power and beauty. The next moment it was dead.

Slowly and painfully, the old man tied the fish to the side of the boat. Then he turned back and sailed towards the distant coastline. When he reached the land, no fish was left. Only the large white backbone.

The next morning the fisherman in the village stood round the small boat. They measured the big bone of the fish. It was eighteen feet long.

"What a fish it was!" Someone said, "We have never seen such a fish."

35. The boat was ________ than the fish.

(A) heavier

(B) lighter

(C) two feet longer

(D) two feet shorter

36. The fisherman was unable to see the land because ________.

(A) he was very old

(B) he was thin and weak

(C) he had sailed very far in the sea

(D) he had sailed in the small boat

37. The fish might jump and escape. Here, "escape" means ________.

(A) fight with energy

(B) get away from danger

(C) kill the enemy

(D) get into trouble

Questions 38 - 40 : Read the following poem and answer the questions that follow by choosing the right answer from the options given.

Weavers, weaving at break of day,

Why do you weave a garment so gay ?

Blue as the wing of a halcyon wild,

We weave the robes of a new-born child.

Weavers, weaving at fall of night,

Why do you weave a garment so bright ?

Like the plumes of a peacock, purple and green

We weave the marriage-veils of a queen.

Weavers, weaving solemn and still,

What do you weave in the moon light chill ?

White as a feather and white as a cloud,

We weave a dead man's funeral shroud.

38. The rhyme scheme followed in the first stanza is ________.

(A) abab

(B) abba

(C) bbaa

(D) aabb

39. The weavers weave early in the morning for the ________.

(A) new-born child

(B) dead man

(C) queen

(D) old people

40. The colour of the queen's marriage-veil is ________.

(A) bright blue

(B) purple and green

(C) white

(D) yellow

Questions 41 to 44 : Choose the right answer from the options given.

41. I wish I ________ a peacock.

(A) were

(B) was

(C) am

(D) have

42. When I saw him, he ________ playing cricket.

(A) is

(B) was

(C) will be

(D) has been

43. If he had played well, he ________ the match.

(A) will win

(B) could win

(C) can win

(D) could have won

44. The girl ________ lives next door is my friend.

(A) who

(B) which

(C) that

(D) whom

Part - E

Basic Science (Malayalam Medium)

Question Numbers 45 to 57

45. ഒരു പ്രകാശസ്രോതസ്സും വസ്തുവുമാണ് ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രകാശം പതിക്കുമ്പോൾ സ്ക്രീനിൽ വസ്തുവിന്റെ നിഴൽ എപ്രകാരം ആയിരിക്കും ?

(A) വസ്തുവും നിഴലും ഒരേ വലുപ്പമായിരിക്കും.
(B) നിഴൽ വസ്തുവിനേക്കാൾ ചെറുതായിരിക്കും.
(C) നിഴൽ വസ്തുവിനേക്കാൾ വലുതായിരിക്കും.
(D) നിഴലുണ്ടാവില്ല

46. ചാലനം വഴി താപം പ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തവയിൽ ഏതാണ് ശരിയായത് ?
(A) താപനില കുറഞ്ഞ ഭാഗത്തുനിന്ന് താപനില കൂടിയ ഭാഗത്തേക്ക് താപം പ്രേഷണം ചെയ്യപ്പെടുന്നു.
(B) താപനില കൂടിയ ഭാഗത്തുനിന്ന് താപനില കുറഞ്ഞ ഭാഗത്തേക്ക് താപം പ്രേഷണം ചെയ്യപ്പെടുന്നു.
(C) രണ്ട് ദിശകളിലേക്കും താപം പ്രേഷണം ചെയ്യപ്പെടുന്നു.
(D) താപം ഒരിക്കലും ഒരു ഭാഗത്തു നിന്ന് മറ്റൊരു ഭാഗത്തേക്ക് പ്രേഷണം ചെയ്യപ്പെടുന്നില്ല.

47. കണ്ണിലെ റെറ്റിനയിൽ ലഭിക്കുന്ന പ്രതിബിംബത്തിന്റെ പ്രത്യേകത, താഴെ നൽകിയവയിൽ ഏതാണ് ?
(A) വസ്തുവിനേക്കാൾ ചെറുതും തലകീഴായതും
(B) വസ്തുവിനേക്കാൾ ചെറുതും നിവർന്നതും
(C) വസ്തുവിനേക്കാൾ വലുതും തലകീഴായതും
(D) വസ്തുവിനേക്കാൾ വലുതും നിവർന്നതും

48. ജീവികളുടെ ഒരു കൂട്ടമാണ് തന്നിരിക്കുന്നത്. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ആമ ഈ ഗ്രൂപ്പിലെ ഒറ്റയാനാവുന്നത് ?

വണ്ട്　ഒച്ച്　ഞണ്ട്　ആമ

(A) ജലാശയങ്ങളെ ആശ്രയിച്ച് ജീവിക്കുന്നു.
(B) പുറന്തോട് ഉണ്ട്.
(C) ബാഹ്യാസ്ഥികൂടവും ആന്തരികാസ്ഥികൂടവും ഉണ്ട്.
(D) പ്രാണികളെ ഭക്ഷിക്കുന്നു.

49. മാർച്ച് 16 ന്റെ പ്രാധാന്യം എന്ത് ?

(A) ദേശീയ ഊർജസംരക്ഷണ ദിനം

(B) ദേശീയ വാക്സിനേഷൻ ദിനം

(C) ദേശീയ ശാസ്ത്ര ദിനം

(D) ദേശീയ മാലിന്യനിർമാർജന ദിനം

50. മഞ്ഞപ്പിത്തം ഉണ്ടാവുമ്പോൾ കണ്ണിനും ചർമത്തിനും മൂത്രത്തിനും എല്ലാം മഞ്ഞനിറം ഉണ്ടാവുന്നതിന് കാരണമായ വർണവസ്തു ഏത് ?

(A) ഹീമോഗ്ലോബിൻ

(B) മെലാനിൻ

(C) റോഡോപ്സിൻ

(D) ബിലിറൂബിൻ

51. കായിക മേഖലയുമായി ബന്ധപ്പെട്ട് 'ചുറുചുറുക്ക് ' (agility) എന്നാൽ,

(A) പ്രവർത്തന സമയത്ത് പെട്ടെന്ന് ദിശ മാറ്റാനുള്ള കഴിവ്.

(B) ആവർത്തിച്ചുള്ള ചലനങ്ങൾ നടത്താൻ പേശികളുടെ കഴിവ്.

(C) കൈകളും കാലുകളും പൂർണമായി ചലിപ്പിക്കാനുള്ള കഴിവ്.

(D) ചലിക്കുമ്പോഴോ നിശ്ചലമായി നിൽക്കുമ്പോഴോ സന്തുലിതാവസ്ഥ നിലനിർത്താനുള്ള കഴിവ്.

52. സുസ്ഥിരവികസനത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

(A) ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം വർധിപ്പിക്കൽ

(B) ഗുണനിലവാരമുള്ള വിദ്യാഭ്യാസം

(C) ലിംഗസമത്വം

(D) മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും

53. ചിത്രം നിരീക്ഷിക്കൂ. ഒരു ഇരുമ്പു കഷ്ണത്തിൽ ലാമിനേറ്റഡ് ചെമ്പുകമ്പി ചുറ്റി വൈദ്യുതകാന്തം നിർമിച്ചതാണ് ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?



(A) രണ്ടു സന്ദർഭങ്ങളിലും ഇരുമ്പു കഷ്ണം കാന്തമായി മാറും.

(B) ഒന്നാമത്തെ സന്ദർഭത്തിൽ മാത്രം ഇരുമ്പുകഷ്ണം കാന്തമായി മാറും.

(C) രണ്ടാമത്തെ സന്ദർഭത്തിൽ മാത്രം ഇരുമ്പുകഷ്ണം കാന്തമായി മാറും.

(D) കമ്പിച്ചുറ്റുകളുടെ എണ്ണം വളരെ കൂടുതൽ ഉണ്ടെങ്കിൽ മാത്രമേ ഇരുമ്പു കഷ്ണം കാന്തമായി മാറുകയുള്ളൂ.

54. സൂര്യൻ അസ്തമിക്കുമ്പോൾ ചന്ദ്രൻ ഉദിക്കുകയും പിറ്റേദിവസം സൂര്യൻ ഉദിക്കുമ്പോൾ ചന്ദ്രൻ അസ്തമിക്കുകയും ചെയ്താൽ അന്ന്,

(A) സൂര്യഗ്രഹണമുണ്ടായിരിക്കും.

(B) അർധചന്ദ്രനെ കാണാം.

(C) അമാവാസിയായിരിക്കും.

(D) പൗർണമിയായിരിക്കും.

55. രണ്ടു ദ്രാവകങ്ങളിൽ നീല ലിറ്റ്മസ് പേപ്പറുകൾ മുക്കിയപ്പോൾ കണ്ടെത്തിയ വിവരങ്ങളാണ് പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. പട്ടിക പരിശോധിച്ച് ശരിയായ നിഗമനം കണ്ടെത്തൂ.

ദ്രാവകം	നീല ലിറ്റ്മസ് പേപ്പർ മുക്കിയപ്പോൾ ഉണ്ടായ നിറം
1	ചുവപ്പ്
2	നീല

(A) ദ്രാവകം 1 ആസിഡും ദ്രാവകം 2 ആൽക്കലിയുമാണ്.

(B) ദ്രാവകം 1 ആൽക്കലിയും ദ്രാവകം 2 ആസിഡുമാണ്.

(C) ദ്രാവകം 1 ആസിഡും ദ്രാവകം 2 നിർവീര്യലായനിയുമാണ്.

(D) ദ്രാവകം 1 ആസിഡാണ്. ദ്രാവകം 2 ആൽക്കലിയോ നിർവീര്യലായനിയോ ആണ്.

56. താഴെത്തന്നിരിക്കുന്ന വേർതിരിക്കൽ രീതികൾ പരിശോധിക്കൂ. ഇവയിൽ ഏതിലാണ് മിശ്രിതത്തിലെ കണികകളുടെ വലുപ്പ വ്യത്യാസം വേർതിരിക്കലിന് പ്രയോജനപ്പെടുത്തുന്നത് ?

(A) ചൂടാക്കി ഉരുക്കി വേർതിരിക്കുന്നു

(B) കാന്തം ഉപയോഗിച്ച് വേർതിരിക്കുന്നു.

(C) കാറ്റുപയോഗിച്ച് വേർതിരിക്കുന്നു.

(D) അരിപ്പ ഉപയോഗിച്ച് അരിച്ചുമാറ്റുന്നു.

57. ഉപ്പുലായനിയിൽ സൂക്ഷിച്ച ഭക്ഷ്യവസ്തുക്കൾ കേടുവരാതിരിക്കാൻ കാരണമെന്ത് ?

(A) ഉപ്പ് ഭക്ഷ്യവസ്തുക്കളെ പൊതിഞ്ഞ് സംരക്ഷിക്കുന്നു.

(B) സൂക്ഷ്മ ജീവികളുടെ കോശങ്ങളിലെ ജലാംശം ഉപ്പു വെള്ളത്തിലേയ്ക്ക് പ്രവഹിക്കുന്നതിനാൽ സൂക്ഷ്മ ജീവികൾ നശിക്കുന്നു.

(C) ഉപ്പുവെള്ളം സൂക്ഷ്മജീവികളുടെ കോശങ്ങളിലേയ്ക്ക് പ്രവഹിച്ച് സൂക്ഷ്മജീവികളെ നശിപ്പിക്കുന്നു.

(D) ഉപ്പിലെ വിഷാംശം സൂക്ഷ്മ ജീവികളെ നശിപ്പിക്കുന്നു.

Part - F

Social Science (Malayalam Medium)

Question Numbers 58 to 70

58. ജാലിയൻ വാലബാഗ് സംഭവം ഒരു നാടകമാക്കി അവതരിപ്പിക്കുന്നു. വസ്തുതാപരമല്ലാത്തതിനാൽ ഇതിൽ നിന്നും നീക്കം ചെയ്യേണ്ട സംഭവം ഏതാണ് ?

(A) ജനങ്ങൾ ജാലിയൻവാലാബാഗിൽ മുദ്രാവാക്യങ്ങൾ മുഴക്കി ഒത്തു കൂടുന്നു.

(B) ബ്രിട്ടീഷ് പട്ടാളക്കാർ തോക്കു ചൂണ്ടി ജനങ്ങൾക്കു നേരെ വരുന്നു.

(C) രോഷാകുലരായ ജനങ്ങൾ പട്ടാളക്കാരെ കൈയ്യേറ്റം ചെയ്യുന്നു.

(D) പട്ടാളക്കാർ നിരായുധരായ ജനങ്ങൾക്കു നേരെ വെടി- യുതിർക്കുന്നു.

59. എൻഡോ സൾഫാൻ മൂലം ദുരിത ബാധിതരായി വൈകല്യം സംഭവിച്ചവർക്കും കിടപ്പിലായവർക്കും ധനസഹായം നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതി :

(A) സ്നേഹസ്പർശം

(B) സ്നേഹപൂർവ്വം

(C) സ്നേഹസ്വാന്തനം

(D) താലോലം

60. ഇന്ത്യ രണ്ടു തവണയാണ് ഏകദിന ക്രിക്കറ്റ് ലോക കപ്പ് നേടിയത് ആ ടീമുകളുടെ ക്യാപ്റ്റൻമാർ ആരെല്ലാം ആയിരുന്നു ?

(A) രാഹുൽ ദ്രാവിഡ്, അനിൽ കുംബ്ലെ

(B) സുരേഷ് റെയ്ന, ഗൗതം ഗംഭീർ

(C) മുഹമ്മദ് അസ്ഹറുദ്ദീൻ, സച്ചിൻ തെണ്ടുൽക്കർ

(D) കപിൽ ദേവ്, എം. എസ്. ധോണി

61. മണ്ണിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനയേത് ?

(A) വളരെ കുറഞ്ഞ കാലയളവി- നുള്ളിൽ നടക്കുന്ന ഒരു പ്രക്രിയയാണ് പാറ പൊടിഞ്ഞ് മണ്ണാകുന്നത്.

(B) ജൈവാവശിഷ്ടങ്ങൾ അഴുകി- ച്ചേരുന്നതിലൂടെ മണ്ണ് മലിന- മാകുന്നു.

(C) രാസവളങ്ങളുടെ അമിത ഉപയോഗം മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടി കുറയ്ക്കും.

(D) മണ്ണിനടിയിൽ ജീവസാന്നിധ്യം തീരെയില്ല.

62. താഴെ പറയുന്ന സംഭവങ്ങളിൽ ആദ്യം നടന്നതുമുതൽ എന്ന ക്രമത്തിലുള്ളതേത് ?

(A) ഒന്നാം സ്വാതന്ത്ര്യസമരം, സന്യാസി കലാപം, മലബാർ കലാപം, ഉപ്പുസത്യാഗ്രഹം.

(B) സന്യാസി കലാപം, ഒന്നാം സ്വാതന്ത്ര്യസമരം, മലബാർ കലാപം, ഉപ്പു സത്യാഗ്രഹം.

(C) സന്യാസി കലാപം, മലബാർ കലാപം, ഒന്നാം സ്വാതന്ത്ര്യസമരം, ഉപ്പു സത്യാഗ്രഹം.

(D) ഒന്നാം സ്വാതന്ത്ര്യസമരം, ഉപ്പു സത്യാഗ്രഹം, മലബാർ കലാപം, സന്യാസി കലാപം.

63. രേഖാ ചിത്രത്തെക്കുറിച്ച് ശരിയല്ലാത്ത പ്രസ്താവന :

(A) ഒരു പ്രദേശത്തിന്റെ എല്ലാ സവിശേഷതകളും അടയാളപ്പെടുത്തിയിരിക്കണം.

(B) തോതുകൾ പരിഗണിക്കേണ്ടതില്ല

(C) ദിശ അടയാളപ്പെടുത്തേണ്ടതില്ല

(D) ഒരു പ്രത്യേക ലക്ഷ്യസ്ഥാനം / സ്ഥാപനത്തെ അറിയാനാണ് രേഖാ ചിത്രങ്ങൾ ഉപയോഗിക്കുന്നത്.

64. താഴെ പറയുന്നവയിൽ സാമൂഹീകരണ പ്രക്രിയയ്ക്ക് അനുയോജ്യമല്ലാത്ത പ്രസ്താവനയേത് ?

(A) ഒഴിവുസമയം കൂട്ടുകാരോടൊത്ത് ചെലവഴിക്കുന്നു.

(B) കൂട്ടുകാരുടെ പ്രശ്നങ്ങൾ സഹാനുഭൂതിയോടെ കേൾക്കുന്നു.

(C) ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഇഷ്ടപ്പെടുന്നു.

(D) പഠനത്തെ ബാധിക്കും എന്നതിനാൽ കലാകായിക പ്രവർത്തനങ്ങൾക്ക് ഞാൻ സമയം പാഴാക്കാറില്ല.

65. താഴെ പറയുന്നവയിൽ പ്രാഥമിക മേഖലയിൽ പെടുന്ന സാമ്പത്തിക പ്രവർത്തനമേത് ?

(A) ബിസ്കറ്റ് ഉൽപാദനം

(B) യൂബർ ടാക്സി സർവ്വീസ്

(C) ഫ്ലാറ്റ് നിർമാണം

(D) കോഴിവളർത്തൽ

66. ശരിയല്ലാത്ത ജോഡിയേത് ?

(A) ദൈവദശകം - ശ്രീനാരായണ ഗുരു

(B) ദർശനമാല - വാഗ്ഭടാനന്ദൻ

(C) ഋതുമതി - പ്രേംജി

(D) വേദാധികാര നിരൂപണം - ചട്ടമ്പിസ്വാമികൾ

67. വ്യവസായ വിപ്ലവത്തിനു ബാധകം അല്ലാത്ത പ്രസ്താവനയേത് ?

(A) ഉല്പാദനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.

(B) ഉല്പാദനം പതിന്മടങ്ങ് വർധിച്ചു.

(C) ഉല്പാദനച്ചെലവ് കൂടി.

(D) ഇംഗ്ലണ്ടിലാണ് ആരംഭിച്ചത്.

68. കേരളത്തെ ഭൂപ്രകൃതിയനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ടല്ലോ. ഇതിൽ ഒരു ഭൂപ്രകൃതി വിഭാഗത്തിൽ മാത്രമായി ഉൾപ്പെടുന്ന ജില്ലയേത് ?

(A) വയനാട്

(B) ആലപ്പുഴ

(C) ഇടുക്കി

(D) കാസറഗോഡ്

69. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എഴുതി തയ്യാറാക്കിയത് ആരാണ് ?

(A) ഡോ. രാജേന്ദ്രപ്രസാദ്

(B) പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

(C) ഡോ. അംബേദ്കർ

(D) നന്ദൻലാൽ ബോസ്

70. രാജസ്ഥാനിലെ പ്രധാന കാർഷിക വിളകൾ ഏതെല്ലാം ?

(A) ഗോതമ്പ്, നെല്ല്

(B) ബജ്റ, ജോവർ

(C) കരിമ്പ്, ചോളം

(D) പരുത്തി, പയറുവർഗങ്ങൾ

-oOo-